**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1012** 28-04-2017 -ൽ മറുപടിക്ക്

**വരൾച്ചയെ നേരിടുവാൻ ചങ്ങനാശ്ശേരി മണ്ഡലത്തിലെ പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | വരൾച്ചയെ നേരിടുവാൻ ദുരന്ത നിവാരണ അതോറിറ്റി മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | എ) & ബി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രകൃതി ദുരന്ത നിവാരണ പ്രവൃത്തികൾ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 31.03.2017-നകം പൂർത്തീകരിക്കാവുന്നതും 2 ലക്ഷം രൂപ വരെ ചെലവ് വരുന്നതുമായ കുടിവെള്ളം ഉറപ്പുവരുത്താൻ ഉപയുക്തമായ അടിസ്ഥാന നിർമ്മാണ/മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലേയ്ക്കായി അത്തരം പ്രവൃത്തികളൊന്നും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളിൽ നിന്ന് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| ബി) | എങ്കിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ